## അന്തിക്കാടിന്റെ ചിന്താവിഷയങ്ങൾ

ടോൾസ്റ്റോയിയുടെ പ്രസിദ്ധമായ ഒരു കൊച്ചു കഥയാണ് 'ഒരാൾക്കെത്ര ഭൂമി വേണം'.ഒരു നീതിസാര കഥ.അതുപോലെ പഞ്ചതന്ത്രം കഥകളുണ്ട്. അതും ഗുണ പാഠ കഥകൾ തന്നെ. ജീവിതത്തിലുണ്ടാവുന്നതും ഉണ്ടാകാവുന്നതുമായ പല സന്ദർഭ ങ്ങളും വളരെ ലളിതമായി ഇത്തരം കഥകളിൽ രംഗപ്രവേശം ചെയ്യുന്നു.ചെറുകഥ കൾ നോവലുകൾ തുടങ്ങിയ രൂപങ്ങൾ വായിക്കുമ്പോൾ കഥോൽപ്പത്തിയുടേയും കഥാരചനയുടേയും അത്ഭുതകരമായ ആവിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ചിന്തകൾ നമ്മുടെ മനസ്സ് വിലയിരുത്തുന്നതുപോലെ കേട്ട് കേട്ട് പഴകിപ്പോയതിനാൽ ഗുണ പാഠ കഥകൾ  നമ്മുടെ മനസ്സിൽ അവയുടെ ആവിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ചിന്ത കൾ അങ്കുരിക്കുവാൻ സാധ്യതയില്ലാത്തവയായി മാറിയവയാണ്.അവയുടെ പഴമയും മനസ്സിലുള്ള സ്ഥിര പ്രതിഷ്ഠയും ലാളിത്യവും തന്നെ കാരണം. എന്നാൽ ഇത്തരം കഥകളുടെ ഗതിയിൽ സൃഷ്ടാവിന്റെ സർഗ്ഗപരമായ യുക്തിപാടവവും ക്രാന്തദർശി ത്വവും കണ്ടെത്താവുന്നതാണ്.

സത്യൻ അന്തിക്കാടിന്റെ സിനിമകൾ ഇത്തരമൊരു അനുഭൂതി മണ്ഡലത്തി ലാണ് മലയാളി പ്രേക്ഷകരെ ചെന്നു നിർത്തുന്നത്. ലാളിത്യത്തിന്റെ സ്വച്ഛതയോടെ അവനവന്റേതായ ജീവിത ചുറ്റുപാടുകളിൽ ഏതൊരു മലയാളിക്കും കണ്ടെത്താവുന്ന വ്യക്തികളെയും അനുഭവങ്ങളേയും ആ സിനിമകൾ കാട്ടിത്തരുന്നു. ഇങ്ങിനെയായ തിനാൽ അന്തിക്കാടിന്റെ സിനിമകൾ ജീവിത ബാഹ്യമായ പകൽക്കിനാവുകളുടെ മേച്ചിൽപ്പുറങ്ങളിൽ ആത്മരതിയോടെ വിഹരിക്കുന്ന സൂപ്പർ നായകരുടെ നിർബ ന്ധിതമായ അനുഭൂതികളിൽ കാണികളെ തളച്ചിടുന്നവയല്ല, പകരം പരസ്യ വാചക ങ്ങളുടെ ഭാഷ ഉപയോഗപ്പെടുത്തി പറഞ്ഞാൽ സത്യൻ അന്തിക്കാടിന്റെ സിനിമകൾ ജനമധ്യത്തിലാണ്. ഒപ്പം ഗുണപാഠമെന്നൊരു സാമൂഹ്യ ബോധനത്തെ ലക്ഷ്യമാക്കി പോകുന്ന തരത്തിലുള്ള വിനിമയ പാഠവുമാണ്.

സിനിമ കാണും മുമ്പ് ഇന്നത്തെ ചിന്താവിഷയമെന്ന പേരു കണ്ടപ്പോൾ ആ പേരും പ്രമേയവും എങ്ങിനെ യോജിക്കുമെന്ന സന്ദേഹങ്ങളുടെ അലിച്ചിലിലായി രുന്നു മനസ്സ്. പഴയ സിനിമപ്പേരുകളെ അനുസ്മരിപ്പിക്കുന്ന ഈ പേരിൽ ഏതു പ്രമേയം തൊടുത്തു വിട്ടിരിക്കാമെന്ന ആകുലതകൾ സിനിമ കണ്ടു തുടങ്ങിയ നിമിഷം തൊട്ടുള്ള ദൃശ്യങ്ങളിലെ അർത്ഥമണ്ഡലങ്ങളിൽ മാറിപ്പോയി.സിനിമാപ്പേരിന്റെ ദൃശ്യ ക്കാഴ്ചകൾ തെളിഞ്ഞു വന്നു.മൂന്നു കുടുംബങ്ങളിലെ തർക്കങ്ങൾ മൂന്നു ഫ്രെയിമു

കൾ ചേർത്തു വെച്ച് സിനിമ ആരംഭിച്ചപ്പോൾ കഥാഗതി തുറന്നു വന്നു. അന്തിക്കാടിന്റെ ഇന്നത്തെ ചിന്താവിഷയത്തിൽ ആരംഭത്തിലും അവസാന ഭാഗത്തും നൽകിയ ഫ്രെയിം വർക്കുകൾ അദ്ദേഹത്തിന്റെ മറ്റു സിനിമകളിൽ നിന്നുള്ള വേറിട്ടൊരു കാഴ്ചയായി. സിനിമയുടെ അവതരണ തന്ത്രങ്ങളിൽ പല രീതികളും കണ്ടു പരിചയിച്ച മലയാളിക്ക് അന്തിക്കാടിൽ നിന്നും ലഭിച്ച ഈ വ്യതിയാനങ്ങൾ ഇന്നത്തെ ചിന്താവിഷയത്തിന്റെ ക്രാഫ്റ്റിൽ ഗുണപരമായി തീർന്നിട്ടുണ്ട്.

മൂന്നു കുടുംബങ്ങളിലെ ദാമ്പത്യ തകർച്ചകളും അതിന്റെ അനന്തരഫലമായി കുട്ടികൾക്കുണ്ടാകുന്ന അരക്ഷിതാവസ്ഥയും പരോക്ഷമായ അനാഥത്വവും വിഷയമാക്കി കുടുംബമെന്ന മഹാ പ്രസ്ഥാനത്തിന്റെ ശക്തി ദൗർബ്ബല്യങ്ങൾ അണുകുടുംബങ്ങളുടെ ആധുനിക സാഹചര്യത്തിൽ അവതരിപ്പിക്കുന്ന സിനിമയാണ് ഇന്നത്തെ ചിന്താവിഷയം. ഭാര്യയിൽ രൂപപ്പെടുന്ന ഭർത്തൃ സങ്കൽപ്പവും സ്ത്രീ സ്വന്തം കണ്ണടക്കുള്ളിലൂടെ നോക്കി കാണുന്ന പുരുഷാധിപത്യവും പുരുഷൻ ഭാര്യയെ പരിഗണിക്കുന്ന രീതികളും ആൺകോയ്മയുടേതോ പെൺകോയ്മയുടേതോ ആയ സംഘടിതമായ ചിന്താണ്ഡലങ്ങളിലൂടെ നോക്കാതെ മലയാളികളുടെ കണ്ണുകളിലൂടെ, സാധാരണക്കാരന്റെ വീക്ഷണത്തിലൂടെ അവതരിപ്പിക്കുന്നു.

മൂന്നു കുടുംബങ്ങളിലെ തർക്കങ്ങൾക്കിടയിൽ വില കൊടുത്തു വാങ്ങിയ വീട്ടിൽ വിളക്കു കൊളുത്തുവാൻ വരുന്ന മോഹൻലാൽ മലയാളികൾ താരത്തിളക്കത്തോടെ ആനയിക്കുന്ന മെഗാസ്റ്റാർ അല്ല.സഹിച്ച ദുഃഖങ്ങളിൽ നിന്നു ഏതൊരു സാധാരണക്കാരനും രൂപപ്പെടുത്തിയെടുക്കുന്ന മനുഷ്യത്വത്തിന്റെ,രക്ത ബന്ധങ്ങളുടെ കൊച്ചു സന്തോഷങ്ങൾ തീവ്രമായി ആഗ്രഹിക്കുന്ന ഒരു കുടുംബസ്നേഹി.അണുകുടുംബങ്ങളിൽ പങ്കുവെയ്ക്കാൻ ആൾക്കൂട്ടമില്ലാത്തതിനാലും നിസ്സാരമായ തർക്കങ്ങൾ വാശിയുടെ ഭാവമാറ്റങ്ങളിലേക്ക് പെട്ടെന്ന് ഉയർന്നു വരുന്നതിനാലും ഉണ്ടാകുന്ന ദുരന്തങ്ങൾ ഈ സിനിമ ചിത്രീകരിക്കുന്നു.അതിൽ ചെറിയ ഇടപെടലുകൾ നടത്തുന്ന ലാലിന്റെ ഗോപൻ എന്ന കഥാപാത്രം. ഇതാണീ സിനിമയുടെ പ്രമേയം.

ഒരു സിനിമയിൽ കാണികളെ ലയിപ്പിക്കുന്ന സിനിമാറ്റിക് ടച്ച് അന്തിക്കാടിന്റെ സിനിമകളിൽ കാണുന്ന പൊതു പ്രവണതയോടെ തന്നെ ഇന്നത്തെ ചിന്താവിഷയത്തിലും കാണുന്നു.തിരക്കഥയുടെ കെട്ടുറപ്പിന്റെ ശൈലിയിൽ സിനിമയിലെ സീനുകളെ ഘടിപ്പിച്ച് സാധാരണ മനുഷ്യരുടെ പെരുമാറ്റങ്ങളുടെ സ്വാഭാവികമായ അഭിനയത്തെ മുഖ്യ ആയുധമാക്കി അവതരിപ്പിച്ച് സിനിമ പൂർത്തീകരിച്ചിരിക്കുന്നു.ഇവിടെ പ്രതീകപരമായ ദൃശ്യഭാഷയില്ല, ദുർഗ്രഹമായ മൊണ്ടാഷുകളില്ല.സമയ ദൈർഘ്യത്തിന്റേതായ പരീക്ഷണങ്ങളില്ല.ഒരു സന്ദർഭത്തിൽ ദൃശ്യഘടനയിൽ നിന്നും ഇമേ

ജുണ്ടായതു പോലൊരു തോന്നൽ ഒരു ഷോട്ടിൽ ഉണ്ടായിരുന്നു. ഒരു കുടുംബത്തിലെ തർക്കം ചിത്രീകരിച്ചതിനുശേഷം അടുത്ത സീനായ ഇമ്മാനുവേലിന്റെ കുടുംബത്തിന്റെ സന്തോഷത്തിലേക്ക് ക്യാമറയെ കൊണ്ടു ചെല്ലുന്നത് വെള്ളിത്തിരയുടെ ഒരി കോണിൽ നിന്നു എറിഞ്ഞു പോകുന്ന ഒരു പന്തിനു പിറകെ മിഡിൽ ഷോട്ടായി ചിത്രീകരിച്ചിട്ടാണ്.ഇവിടെ തർക്കത്തിനു പിറകെ വരുന്ന പന്തിന്റെ ഏറിൽ ഇമേജിന്റെ ലളിതമായ ആവിഷ്ക്കരണത്തിനായി ശ്രമം നടക്കുന്നുണ്ട്.

സിനിമ കാണൽ ഒരു  കൂട്ടിവായനയാണെന്നാണല്ലോ സാധാരണ സങ്കൽപ്പി ക്കുന്നത്. നടന്റെ അഭിനയം കാണികൾ സ്വീകരിക്കുന്നത് പല സിനിമകളിലെ കൂട്ടി വായനകളിലൂടെയാണ്. ഈയൊരു പ്രവണത അന്തിക്കാടിന്റെ സിനിമയിലെ നായക കഥാപാത്രങ്ങൾക്ക് ഉണ്ടോ എന്നത് രസകരമായ അന്വേഷണമാണ്. ഇന്നത്തെ ചിന്താ വിഷയത്തിലെ ലാലിന്റെ ഗോപൻ എന്ന കഥാപാത്രം ലാലായി മാറാതെ, സിനിമ യുടെ കൂട്ടി വായനകളിൽപ്പെടാതെ ഗോപൻ എന്ന കഥാപാത്രത്തിന്റെ സ്വത്വം നില നിർത്തുന്നുണ്ട്. സാധാരണതയുടെ അഭിനയം വിട്ട് സൂപ്പർ നായക പദവിയിലേക്ക് ലാലിനെ ഉയർത്തുന്നില്ല. ലാലിന്റെ ഗോപനായിട്ടുള്ള സിനിമയിലെ രംഗപ്രവേശം മുതൽ അവസാന രംഗം വരെ ഇതു പാലിക്കുന്നുണ്ട്. ഈ രീതി സംവിധായകനെ സംബന്ധിച്ച് നിലവിലുള്ള സിനിമാഭിരുചിയെ ട്രാഫിക്ക് ജാമിലാക്കി പുതിയൊരു പാത തുറക്കുന്നതിന്റെ വൈഭവം പ്രകടിപ്പിക്കുവാൻ സഹായിക്കുന്നുണ്ട്. ഇവിടെ സത്യൻ അന്തിക്കാട് ഊന്നുന്നത് സംഭാഷണത്തിലും അഭിനയത്തിന്റെ ശുദ്ധ സ്വാഭാ വികതയിലുമാണ്. ഒരു സന്ദർഭത്തിൽ പലരുടേയും കുടുംബങ്ങളിൽ സ്നേഹം വിടർത്തു വാനായി ഈശ്വരൻ വിട്ടയാളാണ് താൻ എന്ന് ഗോപൻ പറയുന്ന സംഭാഷണവേള യിലും ലാൽ മലയാളത്തിൽ ഉണ്ടാക്കിയ മെഗാസ്റ്റാർ പരിവേഷം ഉണ്ടാകുന്നില്ല. ഈ സംഭാഷണ സന്ദർഭം ഗോപന്റെ വേഷത്തെ സംബന്ധിച്ച് പരിചയ സമ്പർക്കത്താലുള്ള സ്നേഹത്തിന്റെ പേരിൽ അധികമായി കാണിക്കുന്ന സേവന സന്ദർഭത്തിലായിട്ടു പോലും തികഞ്ഞ സാധാരണക്കാരന്റെ സ്വാഭാവികമായ പെരുമാറ്റ രീതിയായി ആവി ഷ്കരിക്കുവാൻ അന്തിക്കാടിന് കഴിഞ്ഞു.

അതേ സമയം മീരാജാസ്മിന്റെ രംഗപ്രവേശത്തിൽ കമലയെന്ന കഥാപാത്രം മീര ജാസ്മിനായി തന്നെ കാണപ്പെടുന്നു. ജനപ്രിയ സിനിമകളിലെ നായികാവതര ണത്തിന്റെ ചേരുവയിലാണ് കമലയെ അവതരിപ്പിച്ചത്. അഴക്കയിലിട്ട തുണികൾക്കിട യിലൂടെ ക്യാമറ മീരാ ജാസ്മിന്റെ പിറകിൽ നിന്നുള്ള നൃത്തച്ചുവടുകൾ ഒത്തിരി നേരം പിന്തുടർന്നിട്ടാണ് നടിയെ ക്യാമറക്കു മുഖമാക്കുന്നത്.നടിയുടെ അഭിനയത്തിലും കവിഞ്ഞുപോയ ചില ഘടകങ്ങളുണ്ടായിരുന്നു.നായകന്റെ അഭിനയം കൊണ്ട് കമല

യുടെ അഭിനയം പരുക്കുകളേൽക്കാതെ രക്ഷപ്പെടുകയാണ്.

അഭിനയത്തിന്റെ സ്വാഭാവികത സിനിമയിൽ നിലനിർത്തുവാൻ ശ്രമിച്ചതിന്റെ നല്ലൊരു സന്ദർഭമായിരുന്നു മൂന്നു കുടുംബങ്ങളുടെ തർക്കത്തിന്റെ അവതരണം. സിനിമയിലെ ഭാര്യയും ഭർത്താവും തമ്മിലുള്ള തർക്കത്തിന് കേരളീയ ഭവനങ്ങളിലെ യാഥാർത്ഥ്യങ്ങളിൽ നിന്നും വലിയ ദൂരമില്ല. അതിനാൽ തന്നെ തർക്കത്തിന്റെ ഭാഷയും തർക്കമുയരുന്ന രീതിയും മൂന്നു കുടുംബത്തിലും ഒരു പോലെയായിരുന്നു.

കഥാപാത്രാവിഷ്ക്കാരത്തെ സംബന്ധിച്ച് കൃത്യമായ അച്ചടക്കം പാലിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മൂന്നു കുടുംബങ്ങളിലെ മൂന്നു ഭർത്താക്കന്മാരുടെ സ്വഭാവഗതിയും സംഭാഷണ പെരുമാറ്റങ്ങളും കഥാപാത്രങ്ങളോട് നീതി പുലർത്തുന്നതായിരുന്നു. ഈ സന്ദർഭങ്ങൾ തിരക്കഥയുടെ കെട്ടുറപ്പിനെ കാണിക്കുന്നതാണ്.

ഇന്നത്തെ ചിന്താവിഷയം സിനിമകളെ സംബന്ധിച്ച് സമിശ്രമായ പ്രതികരണങ്ങളാണ് ഉണ്ടാക്കുന്നത്. സിനിമയുടെ തിരക്കഥയുടെ ശക്തി നിലനിർത്തുന്നത് അതിന്റെ പ്രമേയാന്ത്യം നിഗൂഢനം ചെയ്യുവാനുള്ള വൈഭവത്തിലാണ്. ഇന്നത്തെ ചിന്താവിഷയം ഈ കരുത്ത് കാണിക്കുന്നില്ല. സിനിമയുടെ തുടക്കത്തിൽത്തന്നെ സിനിമാപ്പേരും ദൃശ്യവും തമ്മിൽ ബന്ധം വ്യക്തമാക്കിയ ഈ സിനിമ ഇടവേളയോടെ കഥാന്ത്യത്തെ ചിന്തിച്ചറിയാവുന്ന വിധത്തിൽ വളരെ ദുർബ്ബലമാക്കി.കുടുംബങ്ങളിലെ തർക്കങ്ങൾ ഗോപൻ പരിഹരിക്കുമെന്നത് ഇടവേളയിൽ തീർച്ചയാണ്.ഒരു പക്ഷേ ഇടവേളക്കു മുമ്പേ അതിനുള്ള ശ്രമം ഗോപൻ ആരംഭിച്ചപ്പോൾത്തന്നെ കാണികൾ സ്വാഭാവികമായി കഥയറിയലിന്റെ പൂർണ്ണതയിൽ എത്തിയിരുന്നു. തർക്കങ്ങൾ പരിഹരിക്കുന്ന രീതി മാത്രമേ ഇനി കാണികൾക്ക് അറിയുവാനുള്ളൂ.പീതാംബരൻ/പ്രമീള ദമ്പതികളെ ഒന്നിപ്പിക്കുന്നതിൽ ഒരു വിശദീകരണം പൂർണ്ണമായി ധ്വനിപ്പിച്ചു പോലും നൽകാതെ കാണികളെ നിർബന്ധിച്ചു സ്വീകരിപ്പിക്കുന്ന രീതിയാണ് സ്വീകരിച്ചത്.ഇതാകട്ടെ വിജയ ഫോർമലുകളെ മാത്രം ലക്ഷ്യം വെയ്ക്കുന്ന ് സിനിമകളുടെ തന്ത്രമാണ്.

കമലയുടെ ഫ്ളാഷ്ബാക്ക് വളരെ ക്ഷമയോടെ കാണേണ്ടതായിരുന്നു. അതിൽ,സാധാരണ സിനിമകളിൽ നായികാ കഥാപാത്രങ്ങളുടെ പ്രസരിപ്പിനു പിറകിലെ ദുഃഖത്തിന്റെ ജീവിതം അവതരിപ്പിക്കുന്ന സ്ഥിരം ആവർത്തനം ദൃശ്യമായി. സിനിമയുടെ അവസാനഘട്ടത്തിൽ ഗോപൻ എന്ന കഥാപാത്രത്തിന്റെ ഫ്ളാഷ് ബാക്ക് കൂടി കാണേണ്ടി വരുമോ എന്നൊരു ആശങ്ക തോന്നിയത് ഈ സിനിമയുടെ തിരക്കഥയുടെ ദൗർബ്ബല്യമായി.

മൂന്നു കുടുംബത്തിന്റെ തർക്കം അവതരിപ്പിച്ച രീതിയാണ് തിരക്കഥയുടെ

ദൗർബ്ബല്യത്തിന്റെ മുഖ്യ പ്രതിയായത്. ചേർത്തു വെയ്ക്കപ്പെട്ട മൂന്നു കുടുംബങ്ങളുടെ അവതരണം ചിത്രീകരിച്ചതോടൊപ്പം ഇവരിൽ നിന്നു വ്യത്യസ്തമായ ഇമ്മാനുവേലിന്റെ കുടുംബത്തെ നിർത്തിയപ്പോൾ തിരക്കഥയും സിനിമയും ഒരു ടെകസ്റ്റ് ആയതു പോലെയായി. സിനിമ കാണുമ്പോൾ ഒരു കൗൺസലിംഗ് അനുഭവം കേൾക്കുന്നതിന്റെ ദൃശ്യാവിഷ്കാരം പോലെയുണ്ടെന്നും സിനിമയുടെ അവസാനത്തിൽ കുടുംബങ്ങളിലെ ഡൈവേഴ്സ് പ്രശ്നങ്ങൾ തീർക്കുവാൻ എം.ബി.എ പോലെ പ്രൊഫഷണൽ കോഴ്സുകൾ ഉണ്ടാകുന്നത് നല്ലതാണെന്നും ചിന്തിച്ചു പോകും. അതെല്ലാം സിനിമ ടെക്സ്റ്റ് പോലെയായതിന്റെ പാർശ്വദുരന്തങ്ങളാണ്.

സിനിമക്കു മാത്രമായി അന്തിക്കാട് മനഃപ്പൂർവ്വം തിരക്കഥയിൽ ഒരുക്കിയ ഒരു ടെക്നിക്ക് കൂടി ഇതിലുണ്ട്.തർക്കത്തിലായ മൂന്നു കുടുംബങ്ങളിലെ ഭാര്യമാർ ഒരുമിച്ചു പഠിച്ചിരുന്നവരായിരുന്നു എന്നത് ആ പ്രസ്താവനയിൽ മാത്രമാണ് വിശ്വസനീയമാകുന്നത്. അതിലെ സൗഹൃദത്തിന്റെ പഴയ വലക്കണ്ണികൾ ഇഴ പിഞ്ഞിപ്പോയിരുന്നു. ഒരു പക്ഷേ തർക്കങ്ങളായി ദമ്പതികൾ പിരിഞ്ഞതിനുശേഷം സിനിമ ആരംഭിച്ചതു കൊണ്ടാകാം.

ഒരു കാര്യം തീർച്ചയാണ്. അന്തിക്കാടിന്റെ ശ്രമം ഒരു തീമിനെ കേരളീയമായ പരിചിത ചുറ്റുപാടുകളിൽ ദൃശ്യമായി ആവിഷ്കരിക്കുകയെന്നതാണ്. തിരക്കഥക്കു പിറകെ സിനിമ പോകുന്ന കാഴ്ചയാണ് അന്തിക്കാടിനു നൽകാനുള്ളത്. സിനിമക്കു പിറകെ തിരക്കഥ തിടംവയ്ക്കുന്ന അനുഭവം പലയിടങ്ങളിലും തടയപ്പെടുകയാണ്.

എങ്കിലും സിനിമയുടെ അവസാനത്തിൽ അനുഭവപ്പെട്ട ഒരു ആനന്ദം ഉണ്ട്. സിനിമകളിൽ എപ്പോഴും കാണുന്ന ഏച്ചുകെട്ടിയ പ്രണയത്തിന്റെ എരിവും മധുരവും പുളിപ്പുമില്ലാത്ത ഒരു സിനിമയാണ് ഇന്നത്തെ ചിന്താവിഷയം. അവസാന രംഗത്തിൽ ഗോപനും കമലയും കൈകൊടുക്കുന്നത് നമുക്ക് ക്ഷമിക്കാം. മലയാളികൾ അതാഗ്രഹിക്കുന്നവരാണ് ഇപ്പോഴുമെന്ന് നമ്മുടെ സംവിധായകർ കരുതുന്നുണ്ടാകാം. ഇനിയും വിചിന്തങ്ങൾക്കും വിശകലനങ്ങൾക്കും ശേഷം മലയാള സിനിമ കരുത്താർജ്ജിക്കട്ടെ.